(സി) ഡിപ്പാർട്ടുമെന്റ് വർക്കുകൾ എസ്റ്റിമേറ്റ് തുകയിൽനിന്ന് എത്ര ശതമാനം വരെ അധികരിച്ച് നൽകാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(ഡി) ടെണ്ടർ ചെയ്യുന്ന ജോലികൾ ഏതെങ്കിലും എസ്റ്റിമേറ്റ് തുകയിൽ നിന്ന് കുറഞ്ഞ നിരക്കിൽ കരാർ ആയിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) ടെണ്ടർ എടുക്കുവാൻ കോൺട്രാക്ടർ ഇല്ലായെന്ന് ബോദ്ധ്യം വരികയാണെങ്കിലോ ഡിപ്പാർട്ടുമെന്റിന് വളരെ അനുയോജ്യമായി തോന്നുകയാണെങ്കിലോ ജോലികൾ ഡിപ്പാർട്ടുമെന്റൽ വർക്കുകളായി ചെയ്യാവുന്നതാണ്. പീസ് വർക്കുകളായി ഇനം തിരിച്ച് അംഗീകൃത കരാറുകാരെക്കൊണ്ടാണ് ഇപ്പോൾ ഡിപ്പാർട്ടുമെന്റൽ വർക്കുകൾ ചെയ്തിക്കാറുള്ളത്.

(സി) ഇതുസംബന്ധിച്ച് പ്രത്യേക പരിധിയൊന്നും നിശ്ചയിച്ച് നിർദ്ദേശിച്ചിട്ടില്ല.

(ഡി) പല പണികളും എസ്റ്റിമേറ്റ് നിരക്കിനെക്കാൾ താഴ്ന്ന നിരക്കിൽ കരാറായിട്ടുണ്ട്.

നബാർഡ് സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ പണി ചെയ്ത റോഡുകളും പാലങ്ങളും

49 [3032] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള എത്ര പാലങ്ങൾ നബാർഡിന്റെ സഹായത്തോടെ പണി ചെയ്തു;

(ബി) ഈ കാലയളവിൽ ഈ ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് എത്ര റോഡുകൾ പുനരുദ്ധാരണം നടത്തിയെന്നറിയിക്കാമോ?

ഉത്തരം

(എ) നാല് പാലങ്ങൾ. അതിൽ രണ്ടെണ്ണത്തിന്റെ പണി പൂർത്തിയായി.

(1. വിഴിഞ്ഞം പാലം 2. ചപ്പാത്ത് പാലം).

രണ്ട് പാലങ്ങളുടെ പണി പുരോഗതിയിലാണ്. (1. പശുവണ്ണറപാലം 2. നടയറപാലം)

(ബി) നാല് റോഡുകൾ. അതിൽ മൂന്ന് റോഡുകളുടെ പണി പൂർത്തിയായി.

(1) കെൽട്രോൺ ജംഗ്ഷൻ മുതൽ കുന്നിപ്പള്ളിവരെയുള്ള ഭാഗം.

(2) കിളിമാനൂർ പോലീസ് സ്റ്റേഷൻ റോഡ്.

(3) നെട്ടയം-മണികണ്ഠേശ്വരം റോഡ്.

ഒരു റോഡിന്റെ (ചെമ്പൂർ റോഡ്) പണി പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly